# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 79      02.03.2020-ൽ മറുപടിയ്ക്ക്

## പ്രവാസി ഡിവിഡന്റ് പദ്ധതി

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസി നിക്ഷേപങ്ങൾ ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കുവാനുദ്ദേശിച്ച് പ്രവാസി ഡിവിഡന്റ് പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ഉണ്ട്. പ്രവാസികളുടെയും അവരുടെ ജീവിത പങ്കാളികളുടെയും ജീവിതം സുരക്ഷിതമാക്കാൻ നടപ്പിലാക്കിയ 2019 ലെ പ്രവാസി ഡിവിഡന്റ് പദ്ധതി നിക്ഷേപകനും തുടർന്ന് ജീവിത പങ്കാളിക്കും നിക്ഷേപ സുരക്ഷയോടൊപ്പം ആജീവനാന്തം 10% ഡിവിഡന്റ് വരുമാനം ഉറപ്പാക്കുന്നു. നിക്ഷേപകന്റെയും ജീവിത പങ്കാളിയുടെയും കാലശേഷം നിക്ഷേപ തുകയും ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റും കൂട്ടി ചേർത്ത തുക മക്കൾക്കോ അനന്തരവകാശികൾക്കോ ലഭ്യമാകുന്നു. ഈ പദ്ധതി നിശ്ചിത പ്രതിമാസ വരുമാനം ഉറപ്പ് നൽകുന്നതിനാൽ പ്രവാസികൾക്കും ജീവിത പങ്കാളികൾക്കും ആജീവനാന്ത സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യ സുരക്ഷയും നൽകുന്നു. |
| ബി) | ഇതിനകം എത്രപേർ ഈ പദ്ധതിയിൽ അംഗമായെന്നും എത്രകോടി രൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്താമോ; | ബി) | ഇതിനകം 194 പേർ പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. 32.32 കോടി രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. |
| സി) | ഇതിനകം സമാഹരിച്ച തുക കിഫ്ബിക്ക് കൈമാറിയിട്ടുണ്ടോ; കിഫ്ബിയിൽ നിന്നും എത്ര ശതമാനം ഡിവിഡന്റാണ് പ്രവാസികൾക്ക് നൽകുകയെന്ന് അറിയിക്കാമോ; | സി) | പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപമായി ലഭിച്ച 32.32 കോടി രൂപ കിഫ്ബിയിലേക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ പ്രവാസികളുടെ നിക്ഷേപതുകയ്ക്ക് നൽകേണ്ട 10% ഡിവിഡന്റിൽ 9% കിഫ്ബിയാണ് അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | സർക്കാർ ഡിവിഡന്റ് വിഹിതം പരമാവധി ഒരു ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | ഡി) | ഉണ്ട്. നിലവിൽ പ്രവാസി ഡിവിഡന്റ് പദ്ധതി പ്രകാരമുള്ള നിക്ഷേപത്തിന്, നിക്ഷേപ തുക കൈമാറുന്ന ഏജൻസി നൽകേണ്ട തുകയും സർക്കാർ വിഹിതവും ചേർത്ത് ആകെ 10% ഡിവിഡന്റ് ഉറപ്പ നൽകുന്നു. ഈ 10% ഡിവിഡന്റിൽ കിഫ്ബി വിഹിതം 9%വും സർക്കാർ വിഹിതം 1%വും ആണ്. |
| ഇ) | പ്രവാസികൾ നൽകുന്ന നിക്ഷേപത്തിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ? | ഇ) | കിഫ്ബി വഴി സർക്കാർ ഗ്യാരന്റി നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**